*"ഭരണഭാഷ മാതൃഭാഷ"*

*വിവരാവകാശ നിയമം 2005*

നം. ഇ.3/10943/18

മുഖ്യനഗരാസൂത്രകന്റെ കാര്യാലയം,
നഗര-ഗ്രാമാസൂത്രണ വകുപ്പ്,
2nd & 3rd ഫ്ളോർ, സ്വരാജ് ഭവൻ, നന്ദൻകോട്,
തിരുവനന്തപുരം, പിൻ : 695003.
ഫോൺ നം. 0471-2721447
ctpkeralam@gmail.com.

**തീയതി :10/12/2018**

**സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ (ടെക്ക്നിക്കൽ),**
മുഖ്യനഗരാസൂത്രകന്റെ കാര്യാലയം,
തിരുവനന്തപുരം.

**ശ്രീ. എസ്. ആർ സോമൻപിള്ള,**
ടി.ജി.ആർ എ - 54,
തരംഗിണി ഗാർഡൻസ്,
വഴയില, കുടപ്പനക്കുന്ന് പി.ഒ.,
തിരുവനന്തപുരം - 695043.

സർ,

വിഷയം : വിവരാവകാശ നിയമം 2005 പ്രകാരം വിവരങ്ങൾ നൽകുന്നത് സംബന്ധിച്ച്.
സൂചന : താങ്കളുടെ തീയതിയില്ലാത്ത അപേക്ഷ.

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

താങ്കൾ വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെട്ട ചോദ്യങ്ങൾക്കുള്ള മറുപടി താഴെ നൽകുന്നു.

ചോദ്യം 1: സർക്കാർ അംഗീകരിച്ച നിലവിലുള്ള തിരുവനന്തപുരം അംഗീകൃത മാസ്റ്റർ പ്ലാൻ പ്രകാരം വെള്ളയമ്പലം - ക്രൈസ്റ്റ് നഗർ വഴി ദേവസ്വംബോർഡ് ജംങ്ഷനിലേയ്ക്ക് പോകുന്ന നിലവിലുള്ള റോഡിന് 12 മീറ്ററാണ് കുറഞ്ഞ വീതി നിർദ്ദേശിച്ചിരിക്കുന്നത്. മാസ്റ്റർ പ്ലാനിന്റെ ഭാഗമായ proposed circulation plan 1986 ൽ ആണ് ഇത് വ്യക്തമാക്കിയിരിക്കുന്നത്. ആയതിന്റെ പകർപ്പ് ആവശ്യമെങ്കിൽ എ4 സൈസ് ഒരു പേജ് രണ്ട് രൂപ ഫീസിനത്തിൽ 2 രൂപ 0070-60-118-99 എന്ന ശീർഷകത്തിൽ ചെല്ലാൻ അടച്ച് രസീത് ഹാജരാക്കുകയോ ഈ ഓഫീസിൽ അടച്ച് രസീത് നൽകുകയോ ചെയ്യേണ്ടതാണ്.

ചോദ്യം 2: GO(Rt) No:921/71/LAD dated 21/06/1971 പ്രകാരം അംഗീകരിച്ച തിരുവനന്തപുരം മാസ്റ്റർ പ്ലാൻ തയ്യാറാക്കിയ അവസരത്തിൽ നിലവിലുണ്ടായ പഴയ കോർപ്പറേഷൻ ഏരിയയ്ക്കുള്ളിലെ നിർമ്മാണങ്ങൾക്ക് GO(Ms) No:144/07/LSGD dated 31/05/2007

GO(Ms) No:120/10/LSGD dated 11/06/2010 എന്നീ ഉത്തരവുകൾ അനുസരിച്ച് സർക്കാർ അംഗീകരിച്ച മാസ്റ്റർ പ്ലാനിന്റെ പുതുക്കിയ സോണിംഗ് റെഗുലേഷൻസ് പ്രകാരവും, അതിനു പുറത്തുള്ള പുതിയ കോർപ്പറേഷൻ ഏരിയയ്ക്കുള്ളിലെ നിർമ്മാണങ്ങൾക്ക് G.O(Ms) No:107/2013/LSGD Dated 19/03/2013 പ്രകാരം പ്രസിദ്ധീകരിച്ച തിരുവനന്തപുരം മാസ്റ്റർ പ്ലാനിന്റെ പുതുക്കിയ സോണിംഗ് റെഗുലേഷൻസ് പ്രകാരമുള്ള (G.O(Ms) No:180/2017/LSGD Dated 11/09/2017 വഴിയുള്ള ഇടക്കാല വികസന ഉത്തരവിലൂടെ സർക്കാർ അംഗീകരിച്ചത്) വ്യവസ്ഥകളനുസരിച്ചാണ് നിർമ്മാണാനുമതി നൽകുന്നത് എന്നറിയിക്കുന്നു.

വിശ്വസ്തതയോടെ,

**ഷീബാറാണി വൈ,**
**ടൗൺ പ്ലാനർ & സ്റ്റേറ്റ് പബ്ലിക്ക്**
**ഇൻഫർമേഷൻ ഓഫീസർ (ടെക്ക്നിക്കൽ)**

---

**അപ്പീലധികാരി: ശ്രീമതി. കെ.എസ്.ഗിരിജ., ചീഫ് ടൗൺ പ്ലാനർ.**
**അപ്പീൽ കാലാവധി: 30 ദിവസം**

ആശ.ബി